# വയനാട്ടിൽ നെല്ലും കരിയുന്നു

വയനാട് ബ്യൂറോ

പുൽപ്പള്ളി: കൃഷിയിൽ പ്രതീക്ഷ നഷ്ടപ്പെട്ട വയനാട്ടുകാർക്ക് നെൽ കൃഷിയിലെ പ്രതീക്ഷകളും കരിഞ്ഞുണങ്ങുന്നു. പുൽപ്പള്ളിക്കടുത്തുള്ള പാക്കം, കട്ടക്കണ്ടി, നരിവയൽ, ഇല്ലിയമ്പം, ചെറിയമല തുടങ്ങി പ്രദേശങ്ങളിലെ 50 ഏക്കറോളം നെൽകൃഷിയാണ് മഴയില്ലാത്തതിനാൽ കരിഞ്ഞുണങ്ങുന്നത്. തുണ്ടുഭൂമികളിൽ പ്രതീക്ഷകളുമായി ചെറുകിട കർഷകർ കടം വാങ്ങി ഇറക്കിയ കൃഷിയാണ് ജലസേചന മാർഗ്ഗമില്ലാതെ നശിക്കുന്നത്. വരൾച്ചമൂലം കൃഷിക്ക് ഇത്രയേറെ ദോഷമുണ്ടാകുന്നത് ആദ്യമാണെന്ന് കർഷകർ പറയുന്നു. വനത്തിലെ ചാലുകളിലെ ഉറവകൾ വറ്റിവരണ്ടു. ഉറവുകളുടെ മരണം വയലുകളുടെ നാശത്തിനിടയാക്കി. വനനശീകരണം സൃഷ്ടിച്ച ആഘാതം ദുരന്തങ്ങളായി ഇന്ന് വയനാട്ടിൽ പെയ്തിറങ്ങുകയാണ്. കൃഷിനാശം, കീടനാശിനി മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ, വരൾച്ച, കുടിവെള്ള ക്ഷാമം എന്നിവയാണ് പ്രത്യക്ഷമായ ദുരന്തങ്ങൾ.

നെൽകൃഷിയിൽ നിന്നുമുള്ള ആദായം കൊണ്ട് വർഷം മുഴുവൻ ജീവിക്കുന്നവരാണധികവും. സാധാരണക്കാരുടേയും ആദിവാസികളുടേയും ചെട്ടിമാരുടേയും ഈ പ്രദേശത്തെ ഏക ആശ്രയം നാമമാത്രമായ നെൽകൃഷിയാണ്. വനത്താൽ ചുറ്റപ്പെട്ട ഗ്രാമങ്ങളിൽ കരകൃഷി കുറവാണ്. മഴക്കാലത്ത് ലഭിച്ചിരുന്ന വെള്ളം കൊണ്ടാണ് നെൽകൃഷി നടന്നിരുന്നത്. രണ്ടേക്കറും അതിലും താഴെ ഭൂമിയുള്ള നാമമാത്ര കർഷകരാണ് പാക്കത്തുള്ളത്.

പുറത്ത് പറയാതെ പട്ടിണിയും അരപട്ടിണിയുമായി അനേകം കുടുംബങ്ങൾ പാക്കം, ചേയടി വനമേഖലകളിലുണ്ട്.

നെല്ലിനും പുല്ലിനും നേരത്തെ അഡ്വാൻസ് വാങ്ങിയാണ് കർഷകർ കൃഷിയിറക്കുക. നെല്ല് കതിരാകുമ്പോൾ തന്നെ ഏറുമാടം കെട്ടി രാത്രി മുഴുവൻ ഉറങ്ങാതെ കാവലിരുന്ന് ആനയേയും പന്നിയേയും ഓടിച്ചുകൊണ്ടാണ് കൃഷി നടത്തുന്നത്. നെല്ലും വൈക്കോലും വിറ്റാണ് ജീവിതം നയിക്കുന്നത്. ഉണ്ടായിരുന്ന വെള്ളത്തിൽ മണ്ണ് കുഴച്ച് ഞാറ് നട്ടു. പാടം വിണ്ടുകീറിയപ്പോൾ ചെടികൾ കരിഞ്ഞു.

പാക്കം ഗ്രാമത്തിന്റെ ഓരത്തുകൂടിയാണ് കബനിയൊഴുകുന്നത്. കബനി നിറയെ വെള്ളമുണ്ടെങ്കിലും കരകൃഷി കരിഞ്ഞുണങ്ങുന്നു. ഈ വെള്ളം കർഷകർക്ക് എത്തിക്കാൻ നടപടികളൊന്നുമില്ല. അനേകം ലക്ഷങ്ങൾ മുടക്കി പത്ത് വർഷം മുമ്പ് നിർമ്മാണം തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പണി തീരാതെ അനാഥമായി കിടക്കുന്നു. ഈ പദ്ധതി പൂർത്തിയായിരുന്നെങ്കിൽ ആരുടേയും നെല്ല് കരിഞ്ഞുണങ്ങുമായിരുന്നില്ല. ഈ തോടിന്റെ അരികുകൾ സംരക്ഷിക്കുന്നതിനാണ് ജില്ലാ പഞ്ചായത്ത് കഴിഞ്ഞ വർഷം ലക്ഷങ്ങൾ പാഴാക്കിയത്.